## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 252 — 03/02/2020-ൽ മറുപടിക്ക്

### വന്ധ്യതാ ചികിത്സ നിയന്ത്രണത്തിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.ജെ. മാക്സി** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | സംസ്ഥാനത്ത് വന്ധ്യതാ ചികിത്സ നടത്തുന്ന സർക്കാർ സ്ഥാപനങ്ങൾ/സ്വകാര്യ സ്ഥാപനങ്ങൾ എത്രയാണ്; | എ) | സംസ്ഥാനത്തെ ഐ.വി.എഫ് ചികിത്സ നടത്തുന്ന എല്ലാ സ്ഥാപനങ്ങളും PC&PNDT Act പ്രകാരം ജില്ലാ മെഡിക്കൽ ആഫീസിൽ രജിസ്ട്രേഷൻ നടത്തേണ്ടതായുണ്ട്. അപ്രകാരം രജിസ്റ്റർ ചെയ്ത, ഐ.വി.എഫ് ചികിത്സ നടത്തുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) | ഇവയുടെ നടത്തിപ്പിന് സർക്കാർ ലൈസൻസുകൾ ഉൾപ്പെടെ എന്തെല്ലാം അനുമതികളാണ് നൽകുന്നത്; പ്രസ്തുത ഐ.വി.എഫ്. സെന്ററുകളിൽ സർക്കാർ അനുമതിയില്ലാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | ബി) & സി) | പ്രസ്തുത ഐ.വി.എഫ് സെന്ററുകൾക്ക് PC&PNDT Act പ്രകാരം Appropriate Authority രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നു. ജില്ലകളിൽ ജില്ലാ മെഡിക്കൽ ആഫീസറാണ് Appropriate Authority.<br><br>PC&PNDT Act പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയുകയില്ല.<br><br>മൂവാറ്റുപുഴയിൽ പ്രവർത്തിക്കുന്ന സബൈൻ വന്ധ്യതാ ചികിത്സ ആശുപത്രിയിൽ നവജാത ശിശുക്കളെ വിൽപ്പന നടത്തുന്നതായും അണ്ഡ വിൽപ്പന നടത്തുന്നതായും ആരോപിച്ച് ശ്രീബിനു മാത്യു വെള്ളക്കാക്കുടി, കോലഞ്ചേരി കരയിൽ ഐക്കാരനാട് സൗത്ത് വില്ലേജ് എറണാകുളം എന്നയാൾ ബഹു.കേരള മുഖ്യ മന്ത്രി മുൻപാകെ 03.12.2019 തീയതിയിൽ സമർപ്പിച്ച ഇ-മെയിൽ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പിലെ വിജിലൻസ് വിഭാഗത്തെ ചുമതലപ്പെടുത്തി 13/01/2020 ലെ സ.ഉ.(സാധാ) നം.90/2020/ആ.ക.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പ്രസ്തുത ഉത്തരവ് പ്രകാരം ടി പരാതിയിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | വന്ധ്യതാ ചികിത്സയുടെ പ്രവർത്തനങ്ങൾക്കൊപ്പം അണ്ഡം വില്പനയ്ക്കായി അന്തർസംസ്ഥാന റാക്കറ്റുകൾ പ്രവർത്തിക്കുന്നതും അവർ വഴി സംസ്ഥാനത്തെ സ്വകാര്യ ചികിത്സാ കേന്ദ്രങ്ങൾ വൻ തുക ശേഖരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | |
| ഡി) | ഇത്തരത്തിൽ അണ്ഡം വിൽപ്പനയ്ക്കായി എത്തുന്നവർ പല പ്രാവശ്യം അണ്ഡവിൽപന നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | ഡി) | ഇല്ല. |

| | | | |
|---|---|---|---|
| ഇ) | പ്രസ്തുത അണ്ഡ വില്പന അണ്ഡം ദാനം ചെയ്യുന്ന പ്രവൃത്തിയായി കണക്കാക്കിയുള്ള അനധികൃത പ്രവർത്തനം നടത്തുന്ന ഐ.വി.എഫ്. കേന്ദ്രങ്ങളെ കണ്ടെത്തി അവരുടെ പ്രവർത്തനം തടയുവാനും പ്രസ്തുത പ്രവൃത്തികൾക്ക് കൂട്ടു നിൽക്കുന്ന സർക്കാർ ഡോക്ടർമാരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ അവർക്ക് ഉറപ്പുവരുത്താനുമായി ആരോഗ്യവകുപ്പ് സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | ഇ) | നിലവിൽ അത്തരം പ്രവൃത്തികൾ നടക്കുന്നതായി തെളിവ് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ